TQ
TATA PROJECTS
QUALITY SERVICES

പാങ്ങോട് ഗ്രാമപഞ്ചായത്ത്

പാങ്ങോട് പി. ഒ., തിരുവനന്തപുരം
പിൻ : 695 609 ടെലഫോൺ : 0472-2869241
ഇ-മെയിൽ : gppangodu@gmail.com

NABCB
QM 039

(ISO 9001 : 2008 അംഗീകൃത ഗ്രാമപഞ്ചായത്ത് ഓഫീസ്)

നം. : ബി3/6372523/2026 തീയതി : 23/10/2026

ലേല പരസ്യം

പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ലെനിൻകുന്ന് വാർഡിലെ 84-ാം നമ്പർ അങ്കണവാടി കെട്ടിടം ഉപയോഗശൂന്യമായതിനാൽ ടി കെട്ടിടം പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്തു നിന്നും നീക്കം ചെയ്തു നൽകുന്നതിനായി 31/10/2026, (ശനി) രാവിലെ 11.30 ന് പാങ്ങോട് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ വച്ചു പരസ്യമായി ലേലം ചെയ്തു നൽകുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതും 250/- രൂപ നിരതദ്രവ്യമായി ലേലത്തിന് മുൻപായി കെട്ടി വയ്ക്കേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലത്തുക മുഴുവനായും ഒപ്പം നിയമാനുസൃത ജി.എസ്.റ്റി യും അടയ്ക്കേണ്ടതാണ്. ലേലതുക അടച്ചാലുടൻ ലേലം താല്കാലികമായി അംഗീകരിക്കുന്നതും തുടർന്നു വരുന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ചാൽ 15 ദിവസത്തിനുള്ളിൽ പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി എല്ലാവിധ സാധനങ്ങളും ഉരുപ്പടികൾ, മറ്റു മാലിന്യങ്ങൾ എന്നിവ സ്വന്തം ചെലവിൽ പ്രസ്തുത സ്ഥലത്തു നിന്നും നീക്കം ചെയ്യേണ്ടതുമാണ്. മുന്നറിയിപ്പ് കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനോ ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം പാങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിഷിപ്തമാണ്. ഗ്രാമപഞ്ചായത്തിൽ ഏതെങ്കിലും വിധത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കും റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്കും ലേലത്തിൽ പങ്കെടുക്കാൻ കഴിയുന്നതല്ല. പ്രസ്തുത ലേല ദിവസം സർക്കാർ പൊതു അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും അതേ സമയത്തും വച്ച് ലേലം

(മറുപുറം കാണുക)

നടത്തുന്നതായിരിക്കും. പൊതു ലേല വ്യവസ്ഥകൾ, ലേല നടപടികളുമായി ബന്ധപ്പെട്ട് ബഹു.സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും ഈ ലേലത്തിന് ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിനങ്ങളിൽ പാങ്ങോട് ഗ്രാമപഞ്ചായത്ത് ഓഫീസിലോ www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

സെക്രട്ടറി
പാങ്ങോട് ഗ്രാമപഞ്ചായത്ത്

പാങ്ങോട് ഗ്രാമപഞ്ചായത്ത് കാര്യാലയം തിരുവനന്തപുരം പാങ്ങോട് -695609

BENSILAL. K.R
SECRETARY
PANGODE GRAMAPANCHAYAT
PEN: 576517